നം. DDDKER/5022/2025-ES2

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്

പട്ടം, തിരുവനന്തപുരം-695 004

ഫോൺ : 0471-2445749, 2445799

e-mail:dir.dairy@kerala.gov.in

cru.ddd@kerala.gov.in

03-01-2026

## സർക്കുലർ നം. 7/2026

വിഷയം : ക്ഷീര വികസന വകുപ്പ് - ജീവനക്കാര്യം- 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പട്ടിക SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : CIRCULAR NO: Rule B1/45/2025-P&ARD തീയതി 22-12-2025

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്ത് വിവര പത്രിക ഓരോ വർഷവും ജനുവരി 15 -നകം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്വെയർ മുഖേന ഓൺലൈൻ ആയി 2026 ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്നും, വാർഷിക സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നത് ശിക്ഷണ നടപടികൾക്ക് കാരണമാകുമെന്നും അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്നും മേൽ സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. **വകുപ്പിലെ പല ഉദ്യോഗസ്ഥരും മുൻ വർഷങ്ങളിൽ വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

പ്രസ്തുത സാഹചര്യത്തിൽ പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി **2026 ജനുവരി 15 നകം** സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. സമയബന്ധിതമായി വാർഷിക സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർ ആയത് സംബന്ധമായി ശിക്ഷണ നടപടികൾ നേരിടേണ്ടി വരും എന്നതും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by Sumi Cherian
Date: 03-01-2026 12:49:52
ADMINISTRATIVE OFFICER
ADMINISTRATIVE OFFICER

ഉള്ളടക്കം: സൂചന സർക്കുലർ

വകുപ്പിലെ എല്ലാ ജീവനക്കാർക്കും (മേലധികാരി മുഖേന)

പകർപ്പ്:

1. പ്രൊജക്റ്റ് ഡയറക്ടർ, ATMA
2. ഡയറക്ടർ, SAMETHI
3. പ്രിൻസിപ്പാൽ ഇൻഫോർമേഷൻ ഓഫീസർ, FIB
4. പ്രൊജക്റ്റ് ഡയറക്ടർ, ഇ ഹെൽത്ത്
5. എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
6. ഈ ഓഫീസിലെ എല്ലാ ജീവനക്കാർക്കും
7. ഡി.എഫ്.ഐ, IT (വെബ്സൈറ്റിൽ നൽകുന്നതിനായി)
8. ഡയറക്ടർ, എ.ഒ എന്നിവരുടെ സി.എ മാർക്ക്
9. നോട്ടീസ് ബോർഡ്

"ഭരണഭാഷ- മാതൃഭാഷ"

Personnel and Administrative Reforms (OS) Dept. Govt. Secretariat, Thiruvananthapuram
23 DEC 2025

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ് ബി) വകുപ്പ്

നം. RuleB1/45/2025-PandARD

തിരുവനന്തപുരം,
തീയതി: 22-12-2025

<u>സർക്കുലർ</u>

വിഷയം:- പി & എ ആർ ഡി - എല്ലാ സർക്കാർ ജീവനക്കാരും പ്രതിവർഷ സ്വത്ത് വിവര പട്ടിക SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1) 04.01.2022 ലെ ഉപ.സി2/219/2021-ഉഭപവ നമ്പർ സർക്കുലർ

2) 03.07.2023 ലെ ഉപ.സി1/26/2023-ഉഭപവ നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്ത് വിവര പത്രിക ഓരോ വർഷവും ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാരും പ്രതിവർഷ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിന് സൂചന (1) സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കാതിരിക്കുന്നത് ശിക്ഷണ നടപടികൾക്ക് കാരണമാകുമെന്നും അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്ന് സൂചന (2) സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

2) ആയതിനാൽ, പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി 2026 ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്നും, വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശിക്ഷണ നടപടികൾക്ക് കാരണമാകുമെന്നും അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ലീന എ
അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,

എല്ലാ സെക്ഷനുകൾക്കും.

ധനകാര്യ (ITSF ) വകുപ്പ് (SPARK സോഫ്റ്റ് വെയർ മുഖാന്തരം ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന്)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 22-12-2025 17:26:20
സെക്ഷൻ ഓഫീസർ.